# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.*169 11/06/2018-ൽ മറുപടിക്ക്

## അർബുദ ചികിത്സാ രംഗത്ത് ആർ.സി.സി. നടത്തുന്ന പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ. ആൻസലൻ<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ.പുരുഷൻ കടലുണ്ടി | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| (എ) | അർബുദ ചികിത്സാ രംഗത്ത് ആർ.സി.സി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; അർബുദ രോഗികളുടെ എണ്ണം സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നത് കണക്കിലെടുത്ത് ആധുനിക ചികിത്സാ സൗകര്യം വിപുലീകരിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | എ) | അർബുദ ചികിത്സാ രംഗത്ത് സംസ്ഥാനത്തിന് അഭിമാനിക്കാവുന്ന സ്ഥാപനമാണ് തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്റർ. ക്യാൻസർ രോഗ ചികിത്സയും, പ്രതിരോധവും ഗവേഷണവും മാത്രമല്ല സംസ്ഥാനത്ത് ക്യാൻസർ ചികിത്സ നയരൂപീകരണത്തിനും നേതൃത്വം വഹിക്കുന്ന സ്ഥാപനമാണ് റീജിയണൽ ക്യാൻസർ സെന്റർ.<br><u>അർബുദ ചികിത്സാ രംഗത്ത് ആർ.സി.സി നടത്തുന്ന പ്രവർത്തനങ്ങൾ</u><br>1. ലോകോത്തര നിലവാരത്തിലുള്ള രോഗ നിർണ്ണയവും ചികിത്സയും നൽകുന്നു.<br>2. ക്യാൻസർ രോഗം മുൻകൂട്ടി കണ്ടുപിടിക്കുന്നതിനും ക്യാൻസർ നിയന്ത്രണത്തിനുമായി ആർ.സി.സിയുടേയും ആർ.സി.സിയുടെ ഉപകേന്ദ്രങ്ങളുടെയും ആഭിമുഖ്യത്തിൽ ക്യാൻസർ മുൻകൂർ നിർണ്ണയ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിച്ചുവരുന്നു.<br>3. സന്നദ്ധ സംഘടനകളുടെയും പൊതു സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ അർബുദബോധനയജ്ഞം, മുൻകൂർ ക്യാൻസർ നിർണ്ണയ പദ്ധതി, പൊതു മാധ്യമങ്ങളിലൂടെയുള്ള ബോധന പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിച്ചുവരുന്നു.<br>4. ആരോഗ്യ മേഖലയിലെ നഴ്സുമാർക്കും ഡോക്ടർമാർക്കും മുൻകൂർ ക്യാൻസർ |

| | | | |
|---|---|---|---|
| | | | നിർണ്ണയത്തിനും നിയന്ത്രണത്തിനുമുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു.<br>5. അക്കാഡമിക് നിലവാരം വർദ്ധിപ്പിക്കുന്നതിനായി സ്പെഷ്യാലിറ്റി/ സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകൾ, ഗവേഷണ പ്രോജക്ടുകൾ എന്നിവ നടത്തുന്നു.<br>6. ക്യാൻസർ ചികിത്സയിൽ മൾട്ടി ഡിസിപ്ലിനറി ക്ലിനിക്കുകൾ ഏർപ്പെടുത്തി ആർ.സി.സിയിലെ വിവിധ സ്പെഷ്യാലിറ്റികളിലുള്ള ഡോക്ടർമാരുടെ സംയോജിത സേവനം ലഭ്യമാക്കി ചികിത്സയുടെ ഗുണനിലവാരം മെച്ചപ്പെടുത്തി.<br>അർബുദ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നത് കണക്കിലെടുത്ത് കേരളത്തിൽ ക്യാൻസർ ചികിത്സയ്ക്കായി 5 സർക്കാർ മെഡിക്കൽ കോളേജുകളിൽ മിനി ക്യാൻസർ സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. ഇതിനായി മെഡിക്കൽ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി, ഓങ്കോ പാതോളജി എന്നീ വിഭാഗങ്ങളിൽ ഡോക്ടർമാരുടെയും നഴ്സുമാരുടെയും 105 തസ്തികകൾ അധികമായി അനുവദിച്ചിട്ടുണ്ട്. ക്യാൻസർ ചികിത്സയ്ക്കാവശ്യമായ ഉപകരണങ്ങളായ ലീനിയർ ആസിലറേറ്റർ, കൊബാൾട്ട് മെഷ്യൻ, സി.ടി സിമുലേറ്റർ എന്നിവ വാങ്ങാനായി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രധാനപ്പെട്ട 5 സർക്കാർ മെഡിക്കൽ കോളേജിൽ എല്ലാം തന്നെ അർബുദം പ്രാരംഭ ഘട്ടത്തിൽ കണ്ടുപിടിക്കുന്നതിനുള്ള മാമോഗ്രാഫി, എക്സ്റേ, സ്കാൻ തുടങ്ങിയ സംവിധാനങ്ങളും പാപ് സ്മിയർ പരിശോധന മുതലായവയും ലഭ്യമാണ്. |
| ബി) | ലോകോത്തര ചികിത്സാ സംവിധാനമുള്ള റീജിയണൽ ക്യാൻസർ സെന്ററിനെ സ്റ്റേറ്റ് കാൻസർ ഇൻസ്റ്റിറ്റ്യൂട്ടായി വികസിപ്പിക്കാൻ സർക്കാർ ചെയ്ത കാര്യങ്ങൾ അറിയിക്കാമോ; | ബി) | റീജിയണൽ ക്യാൻസർ സെന്ററിനെ സ്റ്റേറ്റ് ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തുന്നതിന്റെ ഭാഗമായി 104.15 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകുകയുണ്ടായി. പദ്ധതിയുടെ ആദ്യഘട്ടത്തിലേയ്ക്കായി കേന്ദ്ര സർക്കാർ വിഹിതമായി 46.957 കോടി രൂപയും സംസ്ഥാന സർക്കാർ വിഹിതമായി 31.31 കോടി രൂപയും ലഭ്യമാക്കിയിട്ടുണ്ട്. രണ്ടാംഘട്ടത്തിലേയ്ക്കായി സംസ്ഥാന സർക്കാർ 10.56 കോടി രൂപയും നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. എന്നാൽ ഒന്നാം ഘട്ടത്തിൽ അനുവദിച്ച |

| | | | |
|---|---|---|---|
| | | | തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. അത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തികരിക്കുന്നതിനുള്ള കാലതാമസവും ആർ.സി.സിയിലെ കെട്ടിടങ്ങൾ നവീകരിക്കുന്നതിനുള്ള കാലതാമസവുമാണ് തുക ചെലവഴിച്ച് തീർക്കാൻ കഴിയാത്തതിനു കാരണം. പദ്ധതി പ്രകാരമുള്ള തുക ചെലവഴിക്കുന്നതിനുള്ള സത്വര നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഈ തുക ചെലവഴിച്ച് കഴിഞ്ഞാൽ കേന്ദ്ര വിഹിതം ലഭ്യമാകുന്നതും ഇതിന് ആനുപാതികമായി സംസ്ഥാന സർക്കാർ അനുവദിച്ച തുക ചെലവാക്കാൻ കഴിയുന്നതുമാണ്. |
| സി) | നിക്ഷിപ്ത താൽപര്യക്കാർ ചില മാധ്യമങ്ങളുടെ സഹായത്തോടെ ആർ.സി.സി.ക്കെതിരെ നടത്തുന്ന ദുഷ് പ്രചരണത്തിന്റെ പശ്ചാത്തലത്തിൽ സ്ഥാപനത്തിന്റെ യശസ്സ് ഉയർത്തുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ അറിയിക്കാമോ? | സി) | ആർ.സി.സിക്കെതിരെ ചില വാർത്തകൾ പത്രത്തിലും ദൃശ്യ മാധ്യമങ്ങളിലും പ്രത്യക്ഷപ്പെട്ടുവെങ്കിലും ഇവയൊന്നും ആർ.സി.സിയുടെ യശ്ശസിനെ ബാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ